1832
29/1/20

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 – പ്രളയക്കെടുതിയിൽ പാലക്കാട് ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി പാലക്കാട് ജില്ലാ കളക്ടർ ആവശ്യപ്പെട്ട പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അധിക തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

## റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

സ.ഉ. (സാധാ) നം. 280/2020 /റവ. തിരുവനന്തപുരം, തീയതി, 22.01.2020

=====================================================================

പരാമർശം:- 1. 15.11.2018 തീയതിയിലെ സ.ഉ. (സാധാ) നം. 4744/2018/റവ.
2. 04.11.2019 തീയതിയിലെ സ.ഉ. (സാധാ) നം.3172/2019/റവ.
3. പാലക്കാട് ജില്ലാ കളക്ടറുടെ 23.12.2019 തീയതിയിലെ DCPKD/5281/2019-J5 നമ്പർ കത്ത്.

## ഉത്തരവ്

2018 ലെ പ്രളയത്തിൽ പാലക്കാട് ജില്ലയിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സൂചന (1) പ്രകാരം 90,09,80,700/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

2.. സൂചന (2) പ്രകാരം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പ്രളയബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്നതിന് 10 കോടി രൂപ അധിക തുകയായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അനുവദിച്ച ധനസഹായത്തിന് പുറമെ 2019 ൽ പാലക്കാട് ജില്ലയിൽ ജിയോളജിസ്റ്റ് അടങ്ങിയ ടീം പരിശോധിച്ച് റിപ്പോർട്ട് ചെയ്ത അപകട ഭീഷണി നിലനിൽക്കുന്ന സ്ഥലങ്ങളിൽ താമസിക്കുന്ന 202 കുടുംബങ്ങളും, 2018 ലെ പ്രളയത്തിൽ പുറമ്പോക്കിൽ താമസിച്ച് വീടിന് പൂർണ്ണനാശം സംഭവിച്ച 170 (ഫ്ലാറ്റ് 71 +സുന്ദരം കോളനി 86+മറ്റ് സ്ഥലങ്ങളിലെ പുറമ്പോക്ക്-13) കുടുംബങ്ങളും ചേർത്ത് ആകെ 372 കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടതുണ്ടെന്നും ടി കുടുംബങ്ങൾക്ക് സ്ഥലം വിലയ്ക്ക് വാങ്ങുന്നതിനും വീട് നിർമ്മാണത്തിനുമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 33,66,22,800/- രൂപ (മുപ്പത്തിമൂന്ന് കോടി അറുപത്തിയാറ് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) ആവശ്യമായി വരുന്നുണ്ട് എന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. നിലവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ താലൂക്ക് തലത്തിൽ 7,73,79,060/- രൂപയും കളക്ടറേറ്റിൽ 3,75,38,690/- രൂപയുമാണ് നീക്കിയിരുപ്പുള്ളത്. ആയത് റീ ബിൽഡ് കേരളയിലെ ലിസ്റ്റ് പ്രകാരവും, അപ്പീൽ ലിസ്റ്റ് പ്രകാരവും ആദ്യഗഡു അനുവദിച്ചിട്ടുള്ളവർക്ക് അടുത്ത ഗഡുക്കൾ അനുവദിക്കുന്നതിനും സർക്കാരിന്റെ സ്ഥിരീകരണത്തിനായി സമർപ്പിച്ച 41 കുടുംബങ്ങൾക്ക് സ്ഥലം വിലയ്ക്ക് വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും അനുവദിക്കേണ്ടതുള്ളതിനാൽ മേൽ സൂചിപ്പിച്ച 372 കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 33,70,00,000/- രൂപ (മുപ്പത്തിമൂന്ന് കോടി എഴുപത് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ

ദുരിതാശ്വാസനിധിയിൽ നിന്നും അടിയന്തരമായി അനുവദിച്ച് തരണമെന്ന് സൂചന (3) പ്രകാരം പാലക്കാട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2018 പ്രളയത്തിൽ പാലക്കാട് ജില്ലയിലെ 372 കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 33,70,00,000/- രൂപ (മുപ്പത്തിമൂന്ന് കോടി എഴുപത് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. വിതരണത്തിനാവശ്യമായിവരുന്ന **33,70,00,000/- രൂപ (മുപ്പത്തിമൂന്ന് കോടി എഴുപത് ലക്ഷം രൂപ മാത്രം)** *"2075-00-800-40 Contribution to Chief Minister's Distress Relief Fund (NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും തുക ബന്ധപ്പെട്ട പാലക്കാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. വേണു.വി**
**പ്രിൻസിപ്പൽ സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ് വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട് (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.